**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 105** **10-10-2024 - ൽ മറുപടിയ്ക്ക്**

**രക്ഷിതാക്കൾക്ക് പാഠപുസ്തകം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. എം.വിജിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പത്തു വർഷത്തിനു ശേഷമാണ് സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ പാഠ്യപദ്ധതി പരിഷ്കരണ നടപടികൾ ആരംഭിച്ചിരിക്കുന്നത്. വ്യത്യസ്ത തലങ്ങളിൽ ജനകീയ പങ്കാളിത്തത്തോടുകൂടിയാണ് പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നത്. ജനകീയ ചർച്ചകൾ, വിദ്യാർത്ഥി ചർച്ചകൾ, നിലപാട് രേഖകൾ, 4 മേഖലകളിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ എന്നിവ പൂർത്തീകരിച്ചതിനുശേഷമാണ് പാഠപുസ്തക പരിഷ്കരണ പ്രവർത്തനങ്ങളിലേക്ക് പ്രവേശിച്ചത്. ആദ്യഘട്ടത്തിൽ 1, 3, 5, 7, 9 ക്ലാസുകളിലെ 4 ഭാഷകളിലുള്ള മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ പുസ്തകങ്ങൾ പൂർത്തീകരിച്ച് 2024 അധ്യയനവർഷം തന്നെ സ്കൂളുകളിലെത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രണ്ടാം ഘട്ടം 2, 4, 6, 8, 10 ക്ലാസുകളിലെ പാഠപുസ്തകങ്ങൾ 2025 ജൂൺ മാസത്തോടുകൂടി കുട്ടികളുടെ കൈകളിൽ എത്തിച്ചേരും. കൂടാതെ പ്രീപ്രൈമറി തലത്തിലെ പാഠപുസ്തകങ്ങളും ഹയർ സെക്കൻഡറി തലത്തിലെ പാഠപുസ്തകങ്ങളും സമയബന്ധിതമായിതന്നെ പൂർത്തീകരിക്കും. പരിഷ്കരിച്ച പാഠപുസ്തകങ്ങൾക്കെല്ലാം തന്നെ ടീച്ചർ ടെക്സ്റ്റുകൾ കൂടി വികസിപ്പിച്ചിട്ടുണ്ട്. അധ്യാപകരുടെ പരിശീലന പരിപാടികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ ഭാഗമായി ഇന്ത്യയിലാദ്യമായി രക്ഷിതാക്കൾക്കുള്ള പാഠപുസ്തകം തയ്യാറാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടിയിലൂടെ എന്താണ് ലക്ഷ്യമിടുന്നതെന്ന് വെളിപ്പെടുത്തുമോ; | (ബി) | രാജ്യത്ത് ആദ്യമായാണ് ഒരു സംസ്ഥാനം വിദ്യാഭ്യാസ മേഖലയിൽ രക്ഷിതാക്കൾക്കു കൂടി പുസ്തകങ്ങൾ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ പ്രക്രിയ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കൾ അടങ്ങുന്ന പൊതുസമൂഹവും ചേർന്നു നടത്തേണ്ട സാമൂഹ്യപ്രക്രിയ ആയതുകൊണ്ടുതന്നെ വിദ്യാഭ്യാസത്തിൽ രക്ഷാകർത്താക്കളുടെ പങ്ക് വളരെ വലുതാണ്. ഈ കാര്യം പരിഗണിച്ച കൊണ്ട് നിലപാട് |

| | | | |
|---|---|---|---|
| | | | രേഖ തയ്യാറാക്കുകയും ചുവടെ പറയുന്ന 4 മേഖലകളിൽ പുസ്തകങ്ങൾ തയ്യാറാക്കുവാൻ തീരുമാനിക്കുകയുമായിരുന്നു.<br>1) പ്രീസ്കൂൾ കുട്ടികളുടെ രക്ഷിതാക്കൾക്കായുള്ള പുസ്തകം<br>2) ലോവർ പ്രൈമറി തലത്തിലെ രക്ഷിതാക്കൾക്കായുള്ള പുസ്തകം<br>3) അപ്പർ പ്രൈമറി തലത്തിലെ രക്ഷിതാക്കൾക്കായുള്ള പുസ്തകം<br>4) ഹൈസ്കൂൾ, ഹയർസെക്കൻഡറി തലത്തിലെ രക്ഷിതാക്കൾക്കായുള്ള പുസ്തകം<br>എന്നിവയാണ് പൂർത്തീകരിച്ചിട്ടുള്ളത്.<br>ഓരോ കുട്ടിയുടെയും സമഗ്രമായ വികാസമാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ലക്ഷ്യം. ഈ ലക്ഷ്യം നിറവേറ്റുന്നതിനു രക്ഷിതാക്കൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. ഓരോ ഘട്ടത്തിലും കുട്ടികളുടെ മാനസികവും ശാരീരികവും വൈകാരികവുമായ വികാസത്തിന് സമൂഹത്തിന്റെ വിവിധ തലങ്ങളിലെ പിന്തുണ ആവശ്യമാണ്. മാറുന്ന സാമൂഹിക പരിസ്ഥിതിയിൽ മികച്ച രക്ഷാകർത്താവാകുവാൻ പൊതുവിദ്യാലയങ്ങളിലെ കുട്ടികളുടെ രക്ഷിതാക്കൾക്ക് പ്രായോഗിക മാർഗ്ഗനിർദ്ദേശം നൽകുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഈ കൈപ്പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | ഏതൊക്കെ മേഖലകളിലാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നതെന്ന് അറിയിക്കുമോ; | (സി) | പ്രീസ്കൂൾ, ലോവർ പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ-ഹയർസെക്കൻഡറി മേഖലകളിലാണ് പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. വളരുന്ന കുട്ടി, കുട്ടികളുടെ ആരോഗ്യശീലങ്ങൾ, കളികളുടെ പ്രാധാന്യം, കുട്ടികളുടെ മാനസിക ആരോഗ്യം, കുട്ടികൾക്കു നൽകേണ്ട പിന്തുണകൾ എന്നിങ്ങനെ പ്രീസ്കൂൾ പ്രായത്തിലുള്ള കുട്ടിയുടെ രക്ഷാകർത്താവ് അറിയേണ്ട വിവരങ്ങളെ കൃത്യതയോടെ കൂടി രേഖപ്പെടുത്തുവാനാണ് പ്രീ സ്കൂൾ കൈപ്പുസ്തകത്തിൽ ശ്രമിച്ചിട്ടുള്ളത്. കുട്ടികളുടെ വ്യക്തിത്വം, പുതിയ ലോകവും മാറുന്ന പഠനരീതികളും, കുട്ടികളുടെ അവകാശങ്ങൾ, രക്ഷിതാക്കളുടെ അവകാശങ്ങളും കടമകളും, കുട്ടികൾക്കു നൽകേണ്ട പിന്തുണാകാര്യങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചാണ് ലോവർ പ്രൈമറി മേഖലയിലെ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. വിദ്യാലയവും രക്ഷിതാവും, പഠനത്തിന്റെ പുതിയമുഖം, കുട്ടികൾക്കായുള്ള നിയമങ്ങളും അവകാശങ്ങളും, വളരുന്ന കുട്ടികൾക്ക് നൽകേണ്ട പിന്തുണകൾ എന്നിവയാണ് അപ്പർപ്രൈമറി മേഖലയിലെ പുസ്തകത്തിലെ പ്രതിപാദ്യങ്ങൾ. കൗമാര കാലം, കൗമാരകാലത്തെ പോഷകാഹാരങ്ങൾ, ലഹരിക്കെതിരെയുള്ള ജാഗ്രത, |

| | | | |
|---|---|---|---|
| | | | തൊഴിൽ സാധ്യതകൾ, കാലത്തിനൊപ്പം മാറേണ്ട പഠനശീലങ്ങൾ എന്നിവ ഉൾപ്പെടുത്തിയാണ് ഹൈസ്കൂൾ-ഹയർസെക്കൻഡറി മേഖലയിൽ പാഠപുസ്തകങ്ങൾ തയ്യാറാക്കുന്നത്. വിശദാംശങ്ങൾ അനുബന്ധമായി നൽകിയിട്ടുണ്ട്. |
| (ഡി) | രക്ഷിതാക്കൾക്ക് പരിശീലന പരിപാടി സംഘടിപ്പിക്കാൻ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ഡി) | സമഗ്രശിക്ഷാ കേരളയുടെ സഹകരണത്തോടെ കേരളത്തിലെ മുഴുവൻ വിദ്യാലയങ്ങളിലും പി.റ്റി.എ., മദർ പി.റ്റി.എ. യോഗങ്ങൾ വിളിച്ചുചേർത്ത് രക്ഷിതാക്കൾക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം (സി)

### പ്രീസ്കൂൾ മേഖല

പ്രീസ്കൂൾ പ്രായത്തിലുള്ള കുട്ടിയുടെ രക്ഷകർത്താവ് അറിയേണ്ട വിവരങ്ങളെ കൃത്യതയോടെ കൂടി രേഖപ്പെടുത്തുവാനാണ് പ്രീ സ്കൂൾ കൈപ്പുസ്തകത്തിൽ ശ്രമിച്ചിട്ടുള്ളത്. കുട്ടിയുടെ പ്രകൃതം, ഈ പ്രായത്തിലുള്ള കുട്ടികൾ വളരുമ്പോൾ  ഓരോ വയസ്സിലും ഉണ്ടാകുന്ന വളർച്ച എന്നിവ പുസ്തകം വിശദീകരിക്കുന്നു. പ്രീ സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്ക് വളർച്ചയും വികാസവും പരിഗണിക്കുമ്പോൾ ഏതെല്ലാം മേഖലകളിലെ പ്രവർത്തനങ്ങളാണ് ഈ പ്രായത്തിൽ ഒരുക്കി കൊടുക്കേണ്ടതെന്ന് വികാസ മേഖലകളെ വിശദീകരിച്ചുകൊണ്ട് പുസ്തകം പ്രതിപാദിക്കുന്നു. അതോടൊപ്പം 0 മുതൽ 6 വയസ്സ് വരെയുള്ള കുട്ടികളുടെ ആരോഗ്യകാര്യങ്ങളിൽ രക്ഷാകർത്താവ് ഇടപെടേണ്ടത് എങ്ങനെയാണെന്നും ഈ പ്രായത്തിൽ കുട്ടികൾക്ക് നൽകേണ്ട പ്രതിരോധ കുത്തിവെയ്പ്പുകൾ, ആഹാരം എന്നിവയും പുസ്തകത്തിന്റെ ഉള്ളടക്കമാണ്.

തുടർന്ന് പുസ്തകത്തിൽ ശാസ്ത്രീയമായ പ്രീസ്കൂളിംഗ് എങ്ങനെയാണ് നടക്കേണ്ടതെന്നും ശാസ്ത്രീയമായ പ്രീ സ്കൂളിംഗ് നൽകുന്ന ഒരു വിദ്യാലയത്തിൻറെ ഭൗതിക അക്കാദമിക സാഹചര്യങ്ങളും വിശദമാക്കുന്നു. ചെറിയ പ്രായത്തിലുള്ള കുട്ടികളുടെ ജീവിതത്തിൽ കളികൾക്കുള്ള പ്രാധാന്യം, കളിക്കുന്നതിലൂടെ അവർ നേടുന്ന കഴിവുകൾ, അവരുടെ ജീവിതത്തിൽ കളിക്കുള്ള പങ്ക് എന്നിവയും വിശദീകരിക്കുന്നുണ്ട്. കുട്ടികളുമായി ഇടപഴകുമ്പോൾ മുതിർന്നവർ, രക്ഷിതാക്കൾ എന്നിവർ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ പുസ്തകത്തിന്റെ ആറാം അധ്യായത്തിലാണ് വിശദീകരിക്കുന്നത്. അതോടൊപ്പം തന്നെ കുട്ടികളിൽ കാണുന്ന ശാരീരിക മാനസിക പോരായ്മകൾ തിരിച്ചറിയുവാനും അവ നേരത്തെ കണ്ടെത്തി കുട്ടികൾക്ക് പര്യാപ്തമായ പിന്തുണ ഉറപ്പുവരുത്തുന്നതിനും രക്ഷാകർത്താവിന്റെ നിരീക്ഷണം എങ്ങനെയാകണമെന്നും എന്ത് പിന്തുണയാണ് നൽകേണ്ടത് എന്നതും ഉള്ളടക്കമായിട്ടുണ്ട്. നിലവിലുള്ള പ്രീസ്കൂൾ പാഠ്യപദ്ധതിയിൽ ഏതെല്ലാം തീമുകളിലാണ് പ്രവർത്തനങ്ങൾ ഒരുക്കുന്നതെന്നും ഓരോ തീമിലെ പ്രവർത്തനങ്ങൾ വഴി ഓരോ വികാസ മേഖലയിലും നടക്കുന്ന പ്രവർത്തനാനുഭവങ്ങളും പുസ്തകത്തിൽ സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്.

### ലോവർ പ്രൈമറി മേഖല

കുട്ടികൾക്കിണങ്ങിയ ഗൃഹാന്തരീക്ഷം എങ്ങനെയാണ് ഒരുക്കേണ്ടതെന്ന് സ്നേഹവീട് എന്ന ഒന്നാം അധ്യായം പ്രതിപാദിക്കുന്നു. ജനാധിപത്യ സമൂഹത്തിൽ, ജനാധിപത്യ അന്തരീക്ഷം വീട്ടിൽ പുലർത്തേണ്ടതിന്റെ ആവശ്യകത ഉദാഹരണസഹിതം ഈ അധ്യായം പറയുന്നു. കുട്ടികളുടെ ശാരീരികവും മാനസികവും ബുദ്ധിപരവും സാമൂഹികവുമായ വികാസത്തിൽ തുണയാകണമെങ്കിൽ കുട്ടികളെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കണം. ഈ ലക്ഷ്യത്തോടുകൂടിയാണ് പുസ്തകത്തിന്റെ രണ്ടാം അധ്യായം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഉടമസ്ഥതാ ബോധം, കളിക്കാനുള്ള കുട്ടിയുടെ താത്പര്യം, ചോദ്യം ചോദിക്കുവാനുള്ള കുട്ടികളുടെ കഴിവ്, ആത്മപ്രകാശനം, ഒന്നിനെ തന്നെ പലതായി കാണാനുള്ള കഴിവ്, അനുകരണം, ഏകാഗ്രത, താളബോധം, ഭാവന, വൈകാരികത എന്നിങ്ങനെ കുട്ടിയുടെ പ്രകൃതത്തെ ഈ അധ്യായം വിശദമാക്കുന്നു. മാറിയ കാലത്ത് സാങ്കേതികവിദ്യയെ വിവേകപൂർവ്വം ഉപയോഗിക്കേണ്ടത് എങ്ങനെയെന്നും ബഹുമുഖ ബുദ്ധിയിൽ അടിസ്ഥാനമായി പ്രവർത്തനങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകതയും വിശദമാക്കുന്നു. കുട്ടികളിൽ ഉണ്ടാകേണ്ട അച്ചടക്കം എന്തെന്ന് മനശാസ്ത്ര സമീപനങ്ങളുടെ അടിസ്ഥാനത്തിലാണ് വിശദീകരിക്കുന്നത്. പരമ്പരാഗത അച്ചടക്ക സങ്കൽപ്പങ്ങളിൽ നിന്നും രക്ഷാകർത്താക്കൾ മാറേണ്ടതിന്റെ ആവശ്യകത ഉദാഹരണങ്ങൾ സഹിതം വിശദമാക്കുന്നു. സാങ്കേതികവിദ്യയും മാറുന്ന രീതികളും ആധുനികകാലത്തെ ജീവിതമൊക്കെ പരിഗണിച്ചു കൊണ്ട് എന്താണ് അച്ചടക്കം എന്ന് വിശദീകരിക്കുന്നുണ്ട്.

പുതിയ പാഠ്യരീതിയുടെ സവിശേഷതകളും പുസ്തകം വിശദമാക്കുന്നു. പ്രശ്നാധിഷ്ഠിതമായ പാഠ്യപദ്ധതി, ജ്ഞാന നിർമ്മിതിയിൽ അധിഷ്ഠിതമായ പാഠ്യപദ്ധതി, ഭാഷാ പഠനത്തിൽ ഉണ്ടായിട്ടുള്ള മുന്നേറ്റം, വിലയിരുത്തലിൽ നാം സ്വീകരിക്കുന്ന പുതിയ സമീപനങ്ങൾ എന്നിവ ലളിതമായി പുസ്തകം രക്ഷകർത്താക്കൾക്ക് പറഞ്ഞുകൊടുക്കുന്നു.

കുട്ടികളുടെ അവകാശങ്ങൾ,കുട്ടികൾക്ക് ഇന്ന് ലഭിക്കുന്ന നിയമപരമായ സംരക്ഷണം എന്നിവ വിശദീകരിക്കുന്ന പുസ്തകം,കുട്ടികളുടെ ആഹാര ത്തിൽ ആരോഗ്യത്തിനും പ്രായാനുസൃതമായ ഇടപെടൽ എങ്ങനെയാണ് ഉണ്ടാകേണ്ടത് എന്ന് കൃത്യപ്പെടുത്തുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ സമൂഹത്തിൽ രക്ഷകർത്താവിന്റെ അവകാശങ്ങളും കടമകളും വിശദീകരിക്കുന്നതിനോടൊപ്പം തന്നെ വ്യത്യസ്തമായ കഴിവുള്ള

കുട്ടികളെ, സമൂഹത്തിൽ വ്യത്യസ്തമായ കാരണങ്ങളാൽ അവഗണിക്കപ്പെടുന്ന കുട്ടികളെ, ചേർത്തുനിർത്തേണ്ടതിന്റെ പ്രാധാന്യവും പുസ്തകം വിശദീകരിക്കുന്നു. വിദ്യാഭ്യാസത്തിന്റെ ജനകീയത മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ ജനകീയ സമിതികളെക്കുറിച്ചും അവയിൽ രക്ഷകർത്താവിന്റെ പങ്കാളിത്തത്തിന്റെ അനിവാര്യതയും അവസാന അധ്യായത്തിൽ വിശദമാക്കുന്നു.

**അപ്പർ പ്രൈമറി മേഖല**

അപ്പർ പ്രൈമറി വിഭാഗത്തിലെ രക്ഷകർത്താക്കൾക്കായി തയ്യാറാക്കിയിട്ടുള്ള കൈപ്പുസ്തകത്തിലെ ആദ്യത്തെ അധ്യായം ഈ പ്രായത്തിലുള്ള കൗമാരത്തിൻറെ പ്രാരംഭകാലത്തുള്ള ഈ കുട്ടികളുടെ പ്രകൃതത്തെ രക്ഷകർത്താക്കൾക്ക് കൃത്യമായി മനസ്സിലാക്കി കൊടുക്കുന്നതാണ്. അതോടൊപ്പം തന്നെ വ്യത്യസ്തമായ രക്ഷാകർതൃ രീതികളെ ഈ അധ്യായം പരിചയപ്പെടുത്തുന്നു.

ഈ പ്രായത്തിലുള്ള കുട്ടികളുടെ വ്യക്തിഗതമായ പ്രശ്നങ്ങൾക്ക് കാരണമാകുന്ന സാമൂഹ്യ പശ്ചാത്തലം, മാനസിക പശ്ചാത്തലം എന്നിവ വിശദീകരിക്കുന്ന രണ്ടാം അധ്യായം പ്രശ്നങ്ങൾ അനുഭവപ്പെടുന്ന കുട്ടികളെ എങ്ങനെയാണ് ചേർത്തു നിർത്തേണ്ടതെന്ന് രക്ഷാകർത്താക്കളെ ബോധ്യപ്പെടുത്തുന്നു. അതോടൊപ്പം തന്നെ ഈ പ്രായത്തിൽ കുട്ടികൾക്ക് ഉണ്ടാകുന്ന ശാരീരികവും ബുദ്ധിപരവുമായ വളർച്ച എന്താണെന്നും അതിന്റെ അടിസ്ഥാനത്തിൽ അവർ പ്രവർത്തിക്കുന്നത് എങ്ങനെയെന്നും  വിശദീകരിക്കുന്നു. പ്രത്യേക പരിഗണന അർഹിക്കുന്ന കുഞ്ഞുങ്ങൾക്കായി നൽകുന്ന വിദ്യാഭ്യാസ പരിപാടികളെക്കുറിച്ചുള്ള ധാരണയും നൽകുന്നു.

സ്നേഹവീട് എന്ന അധ്യായം ജനാധിപത്യ ജീവിതത്തിന്റെ ഏറ്റവും ചെറിയ ഘടകമാണ് കുടുംബമെന്നും കുട്ടികൾ ജനാധിപത്യ സംസ്കാരം ഉൾക്കൊള്ളേണ്ടത് വീടുകളിൽനിന്നു കൂടിയാണെന്ന യാഥാർത്ഥ്യത്തെയാണ് അഭിസംബോധന ചെയ്യുന്നത്.

വിദ്യാലയ പ്രവർത്തനങ്ങളിൽ രക്ഷാകർത്താവിന്റെ പങ്ക് വിശദമാക്കുന്നതാണ് വിദ്യാലയവും രക്ഷിതാവും എന്ന അധ്യായം. അധ്യാപക രക്ഷകർതൃ സമിതി, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, പൂർവവിദ്യാർത്ഥി സംഘടനകൾ, പ്രാദേശിക വിദ്യാഭ്യാസ സമിതികൾ എന്നിവയുടെ പ്രവർത്തനവും അതിൽ രക്ഷാകർത്താക്കൾ പങ്കുചേരേണ്ടതിന്റെ ആവശ്യകതയും ലളിതമായി വിശദീകരിക്കുന്നു. അതോടൊപ്പം പഠനത്തിന്റെ പുതിയ രീതികളും അപ്പർ പ്രൈമറി ക്ലാസിലെ പാഠ്യപദ്ധതിയുടെ സാരാംശവും പുസ്തകം വിശദീകരിക്കുന്നു. ഓരോ ക്ലാസിലും വ്യത്യസ്ത വിഷയ മേഖലകളിൽ കുട്ടികൾ പഠിക്കുന്ന ആശയങ്ങൾ സംബന്ധിച്ച് ലളിതമായി പ്രതിപാദിച്ചിട്ടുണ്ട്. അനുബന്ധമായി കുട്ടികൾക്കായുള്ള നിയമങ്ങളും കുട്ടികളുടെ അവകാശങ്ങളും പുസ്തകത്തിൽ ചേർത്തിട്ടുണ്ട്.

**ഹൈസ്കൂൾ- ഹയർ സെക്കൻഡറി മേഖല**

കൗമാരപ്രായത്തിലുള്ള കുട്ടികളുടെ സവിശേഷതകൾ പരിഗണിച്ചു കൊണ്ടാണ് ഹൈസ്കൂൾ ഹയർ സെക്കൻഡറി ഭാഗത്തിലെ രക്ഷാകർത്താക്കളുടെ പുസ്തകം തയ്യാറാക്കിയിട്ടുള്ളത്. കൗമാരപ്രായത്തിന്റെ സവിശേഷതകൾ രക്ഷിതാക്കൾക്ക് മനസ്സിലാക്കി അതിനനുസൃതമായ പിന്തുണ നൽകുന്നതിന് സഹായകമായ ഉദാഹരണങ്ങൾ സഹിതമാണ് ഒന്നാം അധ്യായം. പ്രായത്തിന്റെ സവിശേഷതകൾ ഉൾക്കൊണ്ട് കുട്ടികളെ പരിഗണിക്കേണ്ടതിന്റെ കൃത്യമായ മാർഗനിർദേശം ഈ അധ്യായം വിനിമയം ചെയ്യുന്നു. വ്യത്യസ്തമായ രക്ഷാകർതൃ രീതികളെയും ഈ അധ്യായത്തിൽ പരിചയപ്പെടുത്തുന്നു.

ദ്രുതഗതിയിലുള്ള വളർച്ച, ഹോർമോൺ വ്യതിയാനം സ്വാതന്ത്ര്യത്തിനായുള്ള ആഗ്രഹം തുടങ്ങിയ നിരവധി പ്രത്യേകതകൾ പ്രകടമാകുന്ന കൗമാര പ്രായത്തിൽ ശാരീരിക മാനസിക വൈകാരിക വികസനത്തിൽ ആഹാരത്തിനും വ്യായാമത്തിനും ആരോഗ്യ ശീലങ്ങൾക്കുള്ള പങ്ക് വളരെ പ്രധാനപ്പെട്ടതാണ്. അവ രക്ഷാകർത്താക്കളെ പരിചയപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് പുസ്തകത്തിന്റെ രണ്ടാം അധ്യായം തയ്യാറാക്കിയിട്ടുള്ളത്. മൂന്നാം അധ്യായം കൗമാരത്തിന്റെ അവകാശങ്ങളും ജാഗ്രത നിയമങ്ങളും പരിചയപ്പെടുത്തുന്നു. പ്രധാന ബാലാവകാശ സംരക്ഷണ നിയമങ്ങൾ രക്ഷാകർത്താക്കൾക്ക് കൃത്യമായി മനസ്സിലാക്കുവാൻ ആവശ്യമായ വിശദീകരണങ്ങൾ സഹിതമാണ് ഈ അധ്യായം രൂപപ്പെടുത്തിയിട്ടുള്ളത്.

കൗമാരപ്രായത്തിലുള്ള കുട്ടികൾ ലഹരിക്കടിമയാകുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ ദൃശ്യമാകുന്ന സാമൂഹിക പശ്ചാത്തലത്തെ നേരിടുവാൻ രക്ഷിതാക്കൾക്ക് കരുത്ത് പകരുന്നതാണ് ലഹരിക്കെതിരെ കരുതൽ എന്ന പുസ്തകത്തിലെ അധ്യായം. മാറിയ നവസാങ്കേതികവിദ്യയുടെ കാലത്ത് കുട്ടിയുടെ  പെരുമാറ്റ

രീതികളെ തിരിച്ചറിഞ്ഞ് സാങ്കേതികവിദ്യയുടെ ചതിക്കുഴികളിൽ നിന്നും കുട്ടികളെ രക്ഷപ്പെടുത്തുന്നതിനും കുട്ടിക്കിണങ്ങിയ വിധത്തിൽ സാങ്കേതികവിദ്യകൾ ഉപയോഗിക്കേണ്ടതിന്റെ വഴികൾ തുറന്നിടുന്നതുമാണ്. ലൈംഗിക വിദ്യാഭ്യാസം, കരിയർ കൗൺസിലിംഗ് എന്നിവ സംബന്ധിച്ച പ്രാഥമികമായ ധാരണകൾ രക്ഷാകർത്താക്കൾക്ക് പുസ്തകം പ്രദാനം ചെയ്യും.

എങ്ങനെയാണ് കുട്ടികളുടെ പഠനം അതിജീവനത്തിനും ഉപജീവനത്തിനും പ്രാപ്തമാകുന്നത് എന്ന് പാഠ്യപദ്ധതി സമീപനങ്ങളും ലക്ഷ്യങ്ങളും ഉദാഹരിച്ചുകൊണ്ട് പുസ്തകം വിശദമാക്കുന്നുണ്ട്. അതോടൊപ്പം തന്നെ കുട്ടികളുടെ വിലയിരുത്തൽ രീതികൾ സംബന്ധിച്ച് രക്ഷാകർത്താക്കൾക്ക് പ്രാഥമികമായ ധാരണ പുസ്തകം നൽകുന്നു. അച്ചടക്കവും ശിക്ഷയും സംബന്ധിച്ച് പരമ്പരാഗതമായി നിൽക്കുന്ന ധാരണകൾ മാറ്റേണ്ടതിന്റെ ആവശ്യകതയും പുതിയകാലത്ത് അച്ചടക്കവും ശിക്ഷയും സംബന്ധിച്ച് ശാസ്ത്രീയമായ ധാരണകൾ എന്തെന്നും രക്ഷകർത്താക്കൾക്ക് ലളിതമായി പുസ്തകം പറഞ്ഞുകൊടുക്കുന്നു.

വീടിനുള്ളിൽ ജനാധിപത്യ അന്തരീക്ഷം പുലരേണ്ട ആവിശ്യകതയും വീടിനുള്ളിൽ കുട്ടികൾക്ക് നൽകേണ്ട പരിഗണനകളും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ ചേർത്തുനിർത്തേണ്ടതിന്റെ ആവശ്യകതയും ഈ പുസ്തകം വിശദമാക്കുന്നു. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ രക്ഷാകർത്താവും ക്രിയാത്മവുമായി ഉൾപ്പെടണമെന്ന കാലത്തിന്റെ ആവശ്യകതയിൽ രക്ഷാകർത്താവ് നേടേണ്ട നൈപുണികൾ സംബന്ധിച്ചും വിദ്യാലയങ്ങളുമായി ചേർന്ന് രക്ഷാകർത്താക്കൾ പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയും പുസ്തകം വിശദമാക്കുന്നു.